ഉത്തരം

(എ) പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി വിഷയത്തിന്മേൽ പി.എസ്.സി.-യുടെ അഭിപ്രായം ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) പി.എസ്.സി.-യോട് വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

(എഫ്) പി.എസ്.സി.-യിൽനിന്ന് വിശദീകരണം ലഭിക്കുന്നമുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്.

എൽ.ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് നിയമനം

5 (3636) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൽ.ഡി. ക്ലാർക്ക് തസ്തികകളിൽ സൂപ്പർ ന്യൂമററി നിയമനങ്ങൾ നടത്തിയതു കാരണം പി.എസ്.സി.-യുടെ എൽ.ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളുടെ അവസരം നഷ്ടപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആയതു പരിഹരിക്കുന്നതിനു നടപടി സ്വീകരിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2015 ഏപ്രിൽ, മേയ് മാസങ്ങളിൽ വിവിധ വകുപ്പുകളിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ ഓരോ ജില്ലയിലും ഉണ്ടാകുന്ന പ്രതീക്ഷിത ഒഴിവുകളുടെ കൃത്യമായ എണ്ണം കണക്കാക്കി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതായ മുഴുവൻ ഒഴിവുകളും 2014 ഡിസംബർ 31-ന് മുൻപ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ മേധാവികൾക്കും നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

പുതിയ അനക്സ് കെട്ടിടത്തിന്റെ പണി

6 (3637) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റിനു വേണ്ടി പണിയുന്ന പുതിയ അനക്സ് കെട്ടിടത്തിന്റെ പണി എന്നത്തേക്ക് പൂർത്തിയാക്കാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിലവിൽ സ്ഥല സൗകര്യമില്ലാത്തതിന്റെ പേരിൽ ഒരേ ഡിപ്പാർട്ട്മെന്റിന്റെ വിവിധ വിഭാഗങ്ങളും ഉന്നത ഉദ്യോഗസ്ഥരും പല സ്ഥലങ്ങളിലായി പ്രവർത്തിക്കുന്നത് കാര്യക്ഷമതയെയും സൗകര്യങ്ങളെയും ദോഷകരമായി ബാധിക്കുന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(സി) പുതിയ അനക്സ് കെട്ടിടം പൂർത്തിയാവുന്നതോടെ ഓരോ വകുപ്പും വകുപ്പുതലവന്മാരുടെ ഓഫീസുകളുൾപ്പെടെ ഒരു ബ്ലോക്കിൽത്തന്നെ സ്ഥിരമായി സ്ഥാപിക്കാൻ വേണ്ട നടപടികൾ കൂടി സ്വീകരിക്കുമോ ;

ഉത്തരം

(എ) സെക്രട്ടേറിയറ്റിന് വേണ്ടി പണിയുന്ന പുതിയ അനക്സ് II കെട്ടിടത്തിന്റെ പണി 2015 ഏപ്രിൽ മാസം അവസാനത്തോടെ പൂർത്തിയാവുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) ഇല്ല.

(സി) ഇക്കാര്യം പരിഗണിക്കാവുന്നതാണ്.

നവരത്ന പദ്ധതി ചെലവ്

7 (3638) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പാക്കുന്ന നവരത്ന പദ്ധതികൾക്കായി ഓരോന്നിനും നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്നും ഇത് ഏതൊക്കെ കാര്യങ്ങൾക്കാണ് ചെലവഴിച്ചതെന്നും പദ്ധതി തിരിച്ച് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത പദ്ധതികൾക്കായി ആകെ നീക്കിവച്ചിട്ടുള്ള തുക എത്രയെന്നും അതിൽ ചെലവഴിക്കാൻ ബാക്കിയെത്രയെന്നും പദ്ധതിതിരിച്ച് വിവരം നൽകാമോ ;

(സി) ചെലവഴിക്കാനായി തുക മിച്ചം വന്നതിന്റെ കാരണങ്ങൾ വിശദമാക്കാമോ ?

ഉത്തരം

(എ) നവരത്ന പദ്ധതികൾ താഴെ പറയുന്നവയാണ് :

1. കൊച്ചി മെട്രോ
2. സ്മാർട്ട് സിറ്റി
3. വിഴിഞ്ഞം തുറമുഖം
4. കണ്ണൂർ വിമാനത്താവളം

LIBRARY ARCHIVES Kerala Legislative Assembly